## ജില്ലയിൽ നിന്നും യാത്രയായ 1142 അതിഥി തൊഴിലാളികൾക്ക് ഭക്ഷണക്കിറ്റൊരുക്കി കുടുംബശ്രീ

കണ്ണൂർ ജില്ലയിൽ നിന്നും കഴിഞ്ഞ ദിവസം തങ്ങളുടെ നാട്ടിലേക്ക് യാത്രയായ അതിഥി തൊഴിലാളികൾക്ക് ഭക്ഷണമൊരുക്കി കുടുംബശ്രീ. ജില്ലയിലുണ്ടായിരുന്ന 1142 ബീഹാർ സ്വദേശികളെയാണ് കോവിഡ് 19 പശ്ചാത്തലത്തിൽ നാട്ടിലേക്ക് തിരിച്ചു പോയത്. ജില്ലാ ഭരണകൂടത്തിന്റെ നിർദേശ പ്രകാരം ഇവർക്കു മുഴുവനുമുള്ള ഭക്ഷണക്കിറ്റ് തയ്യാറാക്കിയത് കുടുംബശ്രീ കണ്ണൂർ ജില്ലാമിഷനാണ്.

ജില്ലാ ഭരണകൂടത്തിനു വേണ്ടി തിരികെ പോകുന്ന മുഴുവൻ അതിഥി തൊഴിലാളികൾക്കും യാത്രാമദ്ധ്യേ ആവശ്യമായ ഭക്ഷണക്കിറ്റു തയ്യാറാക്കുന്നതിനുള്ള ചുമതല കുടുംബശ്രീയെ ആണ് ഏൽപ്പിച്ചത്. സ്വന്തം കൂടെപ്പിറപ്പുകൾക്ക് വേണ്ടി എന്തു സഹായവും ചെയ്യാൻ കാലത്തു മണിക്കൂറുകളോളം ആത്മാർത്ഥതയോടെ മുന്നിട്ടിറങ്ങിയപ്പോൾ ഏൽപ്പിച്ച ദൗത്യം പൂർണ ഉത്തരവാദിത്വത്തോടെ ചെയ്യാൻ കഴിഞ്ഞു. ചപ്പാത്തി, വെജിറ്റബിൾ കറി, നേന്ത്രപ്പഴം, കേക്ക്, കുടിവെള്ളം എന്നിവയാണ് ഓരോ പായ്ക്കറ്റിലും ഉണ്ടായിരുന്നത്. രാവിലെ തന്നെ ജയിലിൽ നിന്നും ആവശ്യമായ ചപ്പാത്തിയും കറിയും വാങ്ങി. പിന്നീട് കുടിവെള്ളവും എത്തിച്ചു. കോർപ്പറേഷനിൽ കുടുംബശ്രീയുടെ കഫേ കോർണർ നടത്തുന്ന സി.ഡി.എസ് പ്രവർത്തകരും കുടുംബശ്രീ ജില്ലാമിഷനിലെ ജില്ലാ പ്രോഗ്രാം മാനേജർമാർ, ബ്ളോക്ക് കോഓർഡിനേറ്റർമാർ, കൂടാതെ കോർപ്പറേഷൻ സി.ഡി.എസിലെ പ്രവർത്തകർ എന്നിവർ ചേർന്നാണ് ഭക്ഷണക്കിറ്റുകൾ പായ്ക്കു ചെയ്തത്. രണ്ടു മണിവരെ 400 ഭക്ഷണക്കിറ്റുകളാണ് പായ്ക്ക് ചെയ്തിരുന്നതെങ്കിൽ ആറുമണിയോടെ 1200ലധികം ഭക്ഷണക്കിറ്റുകൾ പായ്ക്ക് ചെയ്ത് അത് വാഹനങ്ങളിൽ റെയിൽവേ സ്റ്റേഷനിൽ

എത്തിച്ചു. ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട് എല്ലാവർക്കും വളരെ കൃത്യമായി ഭക്ഷണമെത്തിച്ചു. കിറ്റുകൾ വാങ്ങുന്നതിനൊപ്പം കേരളസർക്കാരും കുടുംബശ്രീയും നൽകുന്ന സ്നേഹത്തിനും കരുതലിനും നന്ദി പറയാനും അവർ മറന്നില്ല. ഒടുവിൽ ട്രെയിൻ നീങ്ങുന്നതിനിടെ സൂപ്പർ കേരള, സൂപ്പർ കേരള എന്നുറക്കെ പറഞ്ഞു കൊണ്ട് ആഹ്ളാദത്തോടെ കൈവീശി യാത്ര പറഞ്ഞു കൊണ്ടാണ് അവർ അകന്നു പോയത്.

മൂന്നിന് വൈകിട്ട് ഏഴു മണിയോടെയാണ് ബീഹാർ സ്വദേശികളായ 1140 പേരുമായി 06086 നമ്പർ ട്രെയിൻ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും പുറപ്പെട്ടത്. കണ്ണൂർ കളക്ടർ ടി.വി. സുഭാഷ് പച്ചവെളിച്ചം വീശി ട്രെയിൻ ഫ്ളാഗ് ഓഫ് ചെയ്തു. പാട്നയ്ക്കടുത്ത ദാനാപൂർ റെയിൽവേ സ്റ്റേഷനിലാണ് ഇവർ ഇറങ്ങുക. രണ്ടിന് വൈകിട്ടാണ് പ്രത്യേക ട്രെയിൻ അനുവദിച്ച കാര്യം ജില്ലാ അധികാരികൾക്ക് ലഭിച്ചതെങ്കിലും കൃത്യമായ ആസൂത്രണത്തോടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞിരുന്ന ബീഹാർ തൊഴിലാളികളെ കണ്ടെത്തി വൈകിട്ടോടെ റെയിൽവേ സ്റ്റേഷനിലെത്തിക്കാൻ കഴിഞ്ഞു. 40 കെ.എസ്.ആർ.ടി.സി ബസുകളിലായാണ് സ്ത്രീകളും കുട്ടികളുമടങ്ങുന്ന അതിഥി തൊഴിലാളി കുടുംബങ്ങളെ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത്. ഓരോ ബസിലും വന്നിറങ്ങിയവരെ റവന്യൂപോലീസ് ഉദ്യോഗസ്ഥരും ആരോഗ്യ പ്രവർത്തകരും സ്വീകരിച്ച് ടിക്കറ്റും രാത്രിഭക്ഷണവും വെള്ളവുമടങ്ങിയ കിറ്റും നൽകിയാണ് ട്രെയിനിലേക്ക് വിട്ടത്. ഓരോ കമ്പാർട്ട്മെന്റിലും സാമൂഹിക അകലം പാലിച്ചിരിക്കാനും പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. 930 രൂപയായിരുന്നു ടിക്കറ്റ് നിരക്ക്. ഇതു തൊഴിലാളികൾ തന്നെയാണ് വഹിച്ചത്.